# എന്റെ സ്വയം കരുതൽ

Yi
Young Indians
WE CAN WE WILL

**അ**ഞ്ച് വയസിന് മുകളിലുള്ള കുട്ടികൾക്കുള്ള ചിത്രീകരണം **കേരളകൗമുദിയുടെയും യംഗ് ഇന്ത്യൻസ് ട്രിവാൻഡ്രം ചാപ്റ്ററിന്റെ** കീഴിലുള്ള **'മാസും വെർടിക്കലി'**ന്റെ സംയുക്ത സംരംഭമാണിത്. കുട്ടികളുടെ സുരക്ഷയ്ക്കും അവരെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് രക്ഷിക്കാനും നല്ല സ്പർശം/ ചീത്ത സ്പർശം എന്നിവയുടെ പ്രാധാന്യം മനസിലാക്കിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യം



## മാതാപിതാക്കൾ അറിയാൻ

**എന്റെ കുട്ടിക്ക് പ്രായം തീരെ കുറവാണ് അതിനാൽ ഭയക്കേണ്ടതില്ലെന്നാണോ?**

അറിയുക, മൂന്ന് മുതൽ എട്ട് വയസ് വരെ പ്രായമുള്ള കുട്ടികളാണ് ഏറ്റവുമധികം ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്നത്. അതിനാൽ കുഞ്ഞിലേ മുതൽ മക്കളെ ജാഗ്രതയോടെ ശ്രദ്ധിക്കുക.

**അപരിചിതർ അപകടകാരികൾ എന്ന ധാരണ മാറ്റൂ**

അപരിചിതരെക്കുറിച്ച് ജാഗ്രത പാലിക്കണമെന്ന് മക്കളെ ഉപദേശിക്കുന്ന മാതാപിതാക്കൾ അറിയേണ്ട വലിയൊരു സത്യം ഇതാ. 85 ശതമാനം അവസരങ്ങളിലും നിങ്ങൾക്ക് അടുത്തറിയാവുന്നവരായിരിക്കും പീഡകർ.

**എന്റെ കുടുംബാന്തരീക്ഷം നല്ലതാണ്. അതുകൊണ്ട് എന്റെ കുഞ്ഞ് സുരക്ഷിതമാണോ?**

കുടുംബാന്തരീക്ഷം മികച്ചതായതിനാൽ മക്കൾ സുരക്ഷിതരായിക്കൊള്ളണമെന്നില്ല.

18 വയസ് തികയുന്നതിനുമുമ്പ് അഞ്ച് പെൺകുട്ടികളിൽ ഒരാളും എട്ട് ആൺകുട്ടികളിൽ ഒരാളും എന്ന നിലയിൽ ചൂഷണത്തിന് ഇരയാകുന്നു.

**എന്റെ കുട്ടി എല്ലാക്കാര്യങ്ങളും എന്നോട് തുറന്നുപറയാറുണ്ടെന്ന് ധരിക്കുന്നോ?**

ശ്രദ്ധിക്കൂ. 75 ശതമാനം കുട്ടികളും ആദ്യത്തെ ഒരുവർഷം ഒന്നും തുറന്നുപറയാറില്ല. 45 ശതമാനം കുട്ടികൾ അഞ്ച് വർഷത്തോളവും ചിലർ ഒരിക്കലും തുറന്നുപറയില്ല. ഭയം കാരണമാണ് കുട്ടികൾ രഹസ്യം സൂക്ഷിക്കുന്നത്.

തൊടുകയും ഉമ്മവയ്ക്കുകയും ചെയ്യുമ്പോൾ സന്തോഷം തോന്നുന്നു





അച്ഛനെയോ അമ്മയെയോ ഉമ്മവയ്ക്കുമ്പോഴും. അവരെ കെട്ടിപ്പിടിക്കുമ്പോഴും നമുക്ക് കൂടുതൽ സന്തോഷവും സുരക്ഷിതത്വവും അനുഭവപ്പെടുന്നു





പക്ഷേ, ചില അവസരങ്ങളിൽ മറ്റുചിലർ നിങ്ങളെ ഉമ്മവയ്ക്കുന്നതോ കെട്ടിപ്പിടിക്കുന്നതോ ഇഷ്ടപ്പെടുന്നില്ല



അവരോട് പറ്റില്ലെന്ന് പറയുകയോ, അവരെ തള്ളി അകറ്റുകയോ ചെയ്യുക



ആരെങ്കിലും നിങ്ങളെ തൊടാൻ ശ്രമിച്ചാൽ അച്ഛനമ്മമാരുടെ സഹായം തേടുക




ആൺകുട്ടികളിൽ ഇവ ലിംഗവും പൃഷ്ഠവുമാണ് സ്വകാര്യ ഭാഗങ്ങൾ

പെൺകുട്ടികളിൽ സ്തനം, യോനി, പൃഷ്ഠം എന്നിവ സ്വകാര്യഭാഗങ്ങളാണ്



നിങ്ങളുടെ സ്വകാര്യ ഭാഗങ്ങളിൽ ആരെങ്കിലും തൊടാൻ ശ്രമിച്ചാൽ പറ്റില്ല എന്ന് ഉച്ചത്തിൽ അലറുക




അച്ഛനോ അമ്മയോ നിങ്ങളെ വൃത്തിയാക്കുകയോ വസ്ത്രം ധരിപ്പിക്കുകയോ ചെയ്യുക എന്നീ അവസരങ്ങൾ ഒഴികെ ആരെങ്കിലും നിങ്ങളെ തൊടാൻ ശ്രമിച്ചാൽ അച്ഛനമ്മമാരുടെ സഹായം തേടുക



ആരുടെയും സ്വകാര്യഭാഗങ്ങളിൽ നാം തൊടരുത്



കുട്ടികളേ... നിങ്ങൾ അറിയാൻ മോശം പെരുമാറ്റമുണ്ടാകുമ്പോൾ അലറിക്കരയുകയല്ല, വെട്ടിത്തുറന്ന് പറയുകയാണ് വേണ്ടത്



ഒരു തെറ്റായ സ്പർശം ഉണ്ടായാൽ എത്രയും വേഗം അച്ഛനമ്മമാരോടോ, നിങ്ങൾക്ക് വിശ്വസിക്കാൻ പറ്റിയ ആളോടോ ചെന്ന് പറയൂ!

### സുരക്ഷിതമല്ലാത്ത സ്പർശനങ്ങളോട് നമ്മുടെ ശരീരം എങ്ങനെയാണ് പ്രതികരിക്കുന്നതെന്ന് അറിയാമോ?

ഞാൻ സുരക്ഷിതനല്ലെങ്കിൽ എന്റെ ശരീരം അതെനിക്ക് പറഞ്ഞുതരും. അതിനായി ശരീരത്തിലെ ഈ ലക്ഷണങ്ങൾ തിരിച്ചറിയുക.




സുരക്ഷിതനല്ലെന്ന് തോന്നുമ്പോൾ ഉടൻ തന്നെ സാഹചര്യം വിശ്വസിക്കാൻ പറ്റിയ ഒരു മുതിർന്ന ആളിനോട് തുറന്ന് പറയണം



തുറന്നുപറയുന്നവരാണ് യഥാർത്ഥ ഹീറോ/ ഹീറോയിൻ